**മെറിൻ തോമസ്**
ബി.എ. ഫൈനൽ ഇയർ (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്)
സെന്റ് ജോൺസ് കോളേജ്, അഞ്ചൽ, കൊല്ലം

മലയാളത്തിലെ ആദ്യ സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലാണ് വിക്ടേഴ്സ്. ViCTERS (Virtual Classroom Technology on EDUSAT for Rural Schools) അതിന്റെ സമ്പുഷ്ടമായ വിദ്യാഭ്യാസ പരിപാടികൾ കൊണ്ട് മറ്റ് ദൃശ്യമാധ്യമങ്ങളിൽ നിന്നും ഒരു പടി മുന്നിൽ നിൽക്കുന്നു. 17 മണിക്കൂർ തുടർച്ചയായി വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതുവഴി വിക്ടേഴ്സ് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. വിദ്യാഭ്യാസ പരമായ മൂല്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനാൽ വിക്ടേഴ്സ് എല്ലാ മേഖലയിലും വേറിട്ടു നിൽക്കുന്നു.

***8.12.2008 ൽ വിക്ടേഴ്സിൽ സംപ്രേഷണം ചെയ്ത പരിപാടികളുടെ അവലോകനം (11.00 am – 04.10 pm)***

വിദ്യാഭ്യാസ അധിഷ്ഠിതമായ വിവിധങ്ങളായ പരിപാടികൾ 18.12.2008 ൽ വിക്ടേഴ്സ് സംപ്രേഷണം ചെയ്തു.

**1. കേരളത്തിന്റെ സസ്യ സമ്പത്ത്**

കേരളത്തിന്റെ സസ്യ സമ്പത്തിനെപ്പറ്റി തിരുവനന്തപുരം എസ്.ഐ.ഇ.ടി. നിർമ്മിച്ച ഈ പരിപാടി കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിജ്ഞാനപ്രദമായിരുന്നു. പൊതുവേ മറ്റു പരിപാടികളെപ്പോളെ 'കേരളത്തിന്റെ സസ്യസമ്പത്ത്' മികച്ച നിലവാരം പുലർത്തി.

**2. മുഖാവരണം**

കേരളത്തിലെ തനതായ കലാരൂപത്തിന്റെ അവിഭാജ്യഘടകമാണ് 'മുഖാവരണം'. മുഖാവരണത്തിന്റെ വ്യത്യസ്ത തലങ്ങളെപ്പറ്റിയുള്ള ഈ പരിപാടി തൃശ്ശൂർ നാട്ടറിവ് ഗവേഷണകേന്ദ്രം നിർമ്മിച്ചതായിരുന്നു. ഇതുവഴി വർണ്ണത്തിന്റെ പ്രത്യേകതകളും മുഖാവരണത്തിന്റെ വ്യത്യസ്തഭാവങ്ങളും കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു.

**3. ശാസ്ത്രകൗതുകം**

ഇലക്ട്രോണിക്സ് പഠനശാഖയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച 'ശാസ്ത്രകൗതുകം' എന്ന പരിപാടി അതിന്റെ അവതരണമികവു കൊണ്ടും ദൃശ്യാവിഷ്കാരം കൊണ്ടും മികവ് പുലർത്തി. തുടർന്നുള്ള 'ശാസ്ത്രവാർത്തകൾ' കുട്ടികൾക്ക് വളരെയധികം പ്രയോജനകരമായിരുന്നു.

**4. ഉരുളക്കിഴങ്ങിന്റെ കഥ**

'ഉരുളക്കിഴങ്ങിന്റെ കഥ' വളരെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചു കൊണ്ട് പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റാൻ ഈ ഡോക്യുമെന്ററിക്ക് കഴിഞ്ഞു. ഐക്യരാഷ്ട്രസഭ '2008' 'ഉരുളക്കിഴങ്ങി'ന്റെ വർഷമായി ആചരിക്കുമ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് വളരെ അർത്ഥവത്തായി അവതരിപ്പാൻ 'ഉരുളക്കിഴങ്ങിന്റെ കഥ' എന്ന ഡോക്യുമെന്ററി വിജയിച്ചു.

**5. സിദ്ധാർത്ഥ കുമാരൻ**

ശ്രീബുദ്ധന്റെ ജീവിതകഥയെ ആസ്പദമാക്കി നിർമ്മിച്ച 'സിദ്ധാർത്ഥ കുമാരൻ' ഒരു കഥപോലെ വളരെ മനോഹരമായി അവതരിപ്പിച്ചു. മഹത്വ്യക്തികളെപ്പറ്റിയുള്ള ഇത്തരത്തിലുള്ള പരിപാടികൾ വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റുന്നവയാണ്.

**6. വിദ്യാഭ്യാസ വാർത്തകൾ**

വിവിധ സർവകലാശാലകളിലെ വാർത്തകൾ ഉൾപ്പെടുത്തി അവതരിപ്പിച്ച വിദ്യാഭ്യാസ വാർത്തകൾ മറ്റു വാർത്തകളിൽ നിന്നും വേറിട്ടു നിൽക്കുന്നു.

**7. ദൃശ്യഗണിതം**

ഗണിതത്തിന്റെയും യുക്തിയുടെയും സൈബർ ആവിഷ്കാരമായ 'ദൃശ്യഗണിതം' ഡോ. അച്യുത് ശങ്കർ എസ്.നായർ – ന്റെ വ്യത്യസ്തമായ അവതരണ രീതികൊണ്ട് വിജ്ഞാനപ്രദമായിരുന്നു. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിനെ യഥാർത്ഥ ജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചതായിരുന്നു ഈ പരിപാടി.

**8. സയൻസ് നിത്യജീവിതത്തിൽ**

'Leech Therapy' യുടെ വിവിധ ഘട്ടങ്ങളെപ്പറ്റി വിവരിക്കുന്ന ഈ പരിപാടി പ്രേക്ഷകർക്ക് പുതിയൊരു ദൃശ്യാനുഭവം ഉളവാക്കി. ഇത്തരത്തിലുള്ള കൂടുതൽ പരിപാടികൾ ഇനിയും ഉൾപ്പെടുത്തണം.

**9. Weaving a Tradition**

പ്രാചീന നെയ്തുകലയുടെ ഉത്പത്തിയെപ്പറ്റി വിവരിക്കുന്ന ഈ പ്രോഗ്രാം മറ്റ് പ്രോഗ്രാമിനെപ്പോലെ തന്നെ മുന്നിട്ട് നില്ക്കുന്നു.

**10. പാവനഗുരു ചെമ്പൈ**

ചെമ്പൈ ഭാഗവതരുടെ പരിപാടി വളരെ അധികം അറിവു പകരുന്നതായിരുന്നു.

## 11. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ

ഇംഗ്ലീഷ് ഭാഷ കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാൻ ഈ പരിപാടിക്കു സാധിച്ചിട്ടുണ്ട്.

***നിർദ്ദേശങ്ങൾ***

1. കരിയർ ഗൈഡൻസ് പോലെയുള്ള പരിപാടികൾ ഉൾപ്പെടുത്തണം.
2. വിദ്യാഭ്യാസ വാർത്തകളിൽ മറ്റു വിദ്യാഭ്യാസ പരിപാടികൾ കൂടി ഉൾപ്പെടുത്തണം.
3. 'ഉരുളക്കിഴങ്ങിന്റെ കഥ' പോലെയുള്ള വ്യത്യസ്തമായ ഡോക്യുമെന്ററി കാണിക്കുക.
4. 'Learn a word' മാത്രം ഉൾപ്പെടുത്താതെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട് ചെറിയ പരിപാടികൾ ഉൾപ്പെടുത്തണം.
5. ഓരോ പരിപാടികൾക്കും ശേഷം ചെറിയ ചെറിയ 'Time fillers' ചേർക്കാവുന്നതാണ്.
6. പലപ്പോഴും ആവർത്തന വിരസത ഉളവാക്കുന്നതിനാൽ അത്തരത്തിലുള്ള പരിപാടികൾ ഒഴിവാക്കാവുന്നതാണ്.
7. സ്ക്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'സംവാദം' പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
8. കൃത്യസമയം കഴിവതും പാലിക്കാവുന്നതാണ്.

വിദ്യാഭ്യാസ, അധിഷ്ഠിതമായ പരിപാടികൾ സംപ്രേഷണം ചെയ്യാൻ വിക്ടേഴ്സ് എപ്പോഴും ശ്രദ്ധിക്കുന്നു. കേരളത്തിന്റെ എല്ലാ മേഖലിലും ഈ ചാനലിന്റെ സേവനം ലഭ്യമാക്കാനും കൂടുതൽ അറിവും വിജ്ഞാനപ്രദവുമായ പരിപാടികൾ സംപ്രേഷണം ചെയ്യാനും എഡ്യൂസാറ്റിന്റെ സംരംഭമായ വിക്ടേഴ്സിന് സാധിക്കട്ടെ.